**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5491** **24-03-2025 - ൽ മറുപടിയ്ക്ക്**

**പ്രവാസി ക്ഷേമ ബോർഡ് അംഗത്വ അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | കേരള പ്രവാസി ക്ഷേമ ബോർഡിന്റെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് റീജണൽ ഓഫീസുകളിൽ പുതുതായി അംഗത്വത്തിന് അപേക്ഷ സമർപ്പിച്ചതിൽ തീർപ്പാക്കിയിട്ടില്ലാത്ത എത്ര അപേക്ഷകളുണ്ട്; അപേക്ഷ തീർപ്പാക്കാനുള്ള കാലതാമസത്തിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | **കേരള പ്രവാസി ക്ഷേമ ബോർഡിന്റെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് റീജണൽ ഓഫീസുകളിൽ പുതുതായി അംഗത്വത്തിന് അപേക്ഷ സമർപ്പിച്ചതിൽ തീർപ്പാക്കാൻ ബാക്കിയുള്ള അപേക്ഷകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.**<br><br>ക്രമ നം \| റീജണൽ ഓഫീസ് \| അപേക്ഷകളുടെ എണ്ണം<br>1 \| തിരുവനന്തപുരം \| 2245<br>2 \| എറണാകുളം \| 4638<br>3 \| കോഴിക്കോട് \| 12846<br><br>**പ്രതിമാസം ഏകദേശം എണ്ണായിരം പ്രവാസികൾ പുതുതായി അംഗത്വ അപേക്ഷ സമർപ്പിക്കുന്നു. രണ്ട് ഘട്ട പരിശോധനയ്ക്ക് ശേഷമാണ് ഓരോ അംഗത്വ അപേക്ഷയ്ക്കും അംഗീകാരം നൽകുന്നത്. മുൻകാലങ്ങളെ അപേക്ഷിച്ച് ക്ഷേമനിധി അംഗത്വത്തിന് അപേക്ഷിക്കുന്നവരുടെ എണ്ണത്തിൽ വൻ വർദ്ധനവുണ്ടായ സാഹചര്യത്തിൽ സൂക്ഷ്മ പരിശോധന നടത്തി പരമാവധി വേഗത്തിൽ അപേക്ഷകളിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.** |
| (ബി) | പ്രസ്തുത റീജണൽ ഓഫീസുകളിൽ പെൻഷനുവേണ്ടിയുള്ള എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്ന് അറിയിക്കുമോ? | (ബി) | **കേരള പ്രവാസി ക്ഷേമ ബോർഡിന്റെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് റീജണൽ ഓഫീസുകളിൽ** തീർപ്പാക്കാൻ ബാക്കിയുള്ള ക്ഷേമനിധി പെൻഷൻ അപേക്ഷകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>ക്രമ നം \| റീജണൽ ഓഫീസ് \| പെൻഷൻ അപേക്ഷകളുടെ എണ്ണം<br>1 \| തിരുവനന്തപുരം \| 1988<br>2 \| എറണാകുളം \| 2813<br>3 \| കോഴിക്കോട് \| 6979 |

സെക്ഷൻ ഓഫീസർ